(ബി) പാലയ്ക്കൽ, ചിറയ്ക്കൽ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള 33 കെ.വി. സബ് സ്റ്റേഷനുകൾക്കുള്ള സ്ഥലമെടുപ്പിനാവശ്യമായ ഉത്തരവുകൾ ബോർഡ് നൽകി കഴിഞ്ഞു. സ്ഥലമേറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സ്ഥലമെടുപ്പ് പൂർത്തിയായി കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഈ സബ് സ്റ്റേഷനുകൾ 2001-ാം മാണ്ട് മാർച്ചിനു മുമ്പ് പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

130 (274) വൈദ്യുതി ബോർഡ് ഓഫീസുകൾ ആരംഭിക്കാൻ നടപടി

<u>ശ്രീ. എ. അലിഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ സൗകര്യം ലക്ഷ്യമാക്കി ആവശ്യമായ ഓഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇടവ, കെടാകുളം, വർക്കല, പാലച്ചിറ, കല്ലമ്പലം, വക്കം എന്നീ സെക്ഷൻ ആഫീസുകൾ പ്രവർത്തിക്കുന്ന വർക്കലയിൽ ഒരു ഡിവിഷണൽ ആഫീസ് ആരംഭിക്കണമെന്നും, പാലച്ചിറ സെക്ഷൻ ആഫീസ് മേജർ സെക്ഷൻ ആക്കണമെന്നുമുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ആവശ്യം അടിയന്തിരമായി അനുവദിക്കുവാൻ ഉത്തരവ് നൽകുമോ;

(ഡി) വർക്കലയിൽ 66 കെ.വി. ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷൻ ആയി ഉയർത്തിയത് സംബന്ധിച്ച പണി ഉടനെ ആരംഭിക്കാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ പുതിയ വൈദ്യുതിനയം നടപ്പിലാക്കികഴിഞ്ഞു മാത്രമേ ബോർഡ് ഇനി പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ഡി) ആർ.ഇ.സി. യുടെ സാമ്പത്തിക സഹായത്തോടെ രണ്ടു വർഷത്തിനകം പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ള സബ് സ്റ്റേഷനുകളുടെ കൂട്ടത്തിൽ വർക്കല 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. യാക്കി ഉയർത്താനുള്ള നിർദ്ദേശവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ ഓഫീസുകൾ അനുവദിച്ചു കഴിഞ്ഞു.

131 (275) പുതിയ വൈദ്യുതി കണക്ഷനുകൾ

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly